# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1695 | 16.03.2015-ൽ മറുപടിക്ക് |
|---|---|

### വയോമിത്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | വയോമിത്രം പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; | (എ) | സംസ്ഥാനത്തെ മുഴുവൻ വയോജനങ്ങൾക്കും വരുമാന പരിധി മാനദണ്ഡമാക്കാതെ ആരോഗ്യ സംരക്ഷണം നൽകുക, മൊബൈൽ മെഡിക്കൽ ക്യാമ്പുകളിലൂടെ ഒന്നിടവിട്ട ആഴ്ചകളിൽ വൈദ്യസഹായവും സൗജന്യ മരുന്നുകളും ലഭ്യമാക്കുക, കൗൺസിലിംഗ് സേവനം ലഭ്യമാക്കുക, പൂർണ്ണ ശയ്യാവലംബരായ വയോജനങ്ങളെ കണ്ടെത്തി വീടുകളിൽ ചെന്ന് പാലിയേറ്റീവ് സേവനങ്ങൾ നൽകുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി പരിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂർ സംഭാവന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; എന്താണ് ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനം എന്നറിയിക്കാമോ; | (ബി) | 06.05.2013-ലെ ജി.ഒ (ആർ.റ്റി) 1209/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷനുകൾ 25 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ എന്ന പരമാവധി നിരക്കിൽ എല്ലാ സാമ്പത്തിക വർഷവും തനത്/പ്ലാൻ ഫണ്ടിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തുന്ന തുക കൊണ്ടുമാത്രം മിഷൻ നടപ്പിലാക്കുന്ന വയോമിത്രം ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ വിഘ്നം കൂടാതെ നടത്തിക്കൊണ്ടു പോകുവാൻ കഴിയുകയില്ലെന്ന വസ്തുത പരിഗണിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുവാൻ സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ നിർദ്ദേശം പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിക്കുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത പദ്ധതിയുടെ വിഹിതം വെട്ടിക്കുറയ്ക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | വയോമിത്രം പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ? | (ഇ) | വയോമിത്രം പദ്ധതി കാര്യക്ഷമമായ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ